സംരംഭകരുടെ വിഭാഗം	അനെർട്ട് ധനസഹായം (രൂപ)	
	നഗരം	ഗ്രാമം
സാധാരണ വിഭാഗം	60,000	1,00,000
പ്രത്യേക വിഭാഗം (എസ്.സി/എസ്.റ്റി/ ഒ.ബി.സി/ ന്യൂനപക്ഷം/വനിതകൾ/വിമുക്ത ഭടന്മാർ/ഭിന്നശേഷിക്കാർ)	1,00,000	1,40,000

സംരംഭം ആരംഭിക്കുന്നത് നഗരസഭ അല്ലെങ്കിൽ മുനിസിപ്പാലിറ്റി പരിധിയിലാണെങ്കിൽ നഗരപ്രദേശത്തിന് അനുവദിക്കുന്ന നിരക്കിലുള്ള ധനസഹായവും സംരംഭം ഗ്രാമപഞ്ചായത്ത് പ്രദേശത്താണെങ്കിൽ ഗ്രാമപ്രദേശത്തിന് അനുവദിക്കുന്ന ധനസഹായവും ലഭിക്കുന്നതാണ്.

സംസ്ഥാനത്തെ ജലവൈദ്യുത പദ്ധതികൾ

174(444) ശ്രീ. പി. ടി. തോമസ്:
ശ്രീ. അനൂപ് ജേക്കബ് :
ശ്രീ. എ. പി. അനിൽ കുമാർ:
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021 വർഷത്തോടെ ജലവൈദ്യുത പദ്ധതികളിൽനിന്നും 500 മെഗാവാട്ട് വൈദ്യുതി അധികമായി ഉത്പാദിപ്പിക്കുമെന്ന 2016-ലെ എൽ.ഡി.എഫ്. പ്രകടന പത്രികയിലെ വാഗ്ദാനം പൂർണ്ണമായ തോതിൽ പ്രാവർത്തികമാക്കുന്നതിന് സാധിച്ചിട്ടുണ്ടോ?

ഇല്ല

(ബി) 2016 മുതൽ 2021 വരെയുള്ള അഞ്ച് വർഷക്കാലയളവിൽ എത്ര മെഗാവാട്ടിന്റെ ജലവൈദ്യുത പദ്ധതികളാണ് സംസ്ഥാനത്ത് കമ്മീഷൻ ചെയ്തതെന്ന് അറിയിക്കുമോ?

2016 മുതൽ 2021 വരെയുള്ള അഞ്ച് വർഷക്കാലയളവിൽ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ കീഴിൽ ജലവൈദ്യുത പദ്ധതികളായ വെള്ളത്തൂവൽ (3.6 MW), പെരുന്തേനരുവി (6 MW), കക്കയം (3 MW) എന്നീ പദ്ധതികളെ പൂർത്തീകരിച്ച് ആകെ 12.6 MW വൈദ്യുതി ഉല്പാദിപ്പിക്കുവാൻ സാധിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

(സി) പ്രസ്തുത കാലയളവിൽ നിർമ്മാണം ആരംഭിച്ചതും എന്നാൽ ഇതിനകം കമ്മീഷൻ ചെയ്യാത്തതുമായ ജലവൈദ്യുത പദ്ധതികൾ ഏതൊക്കെയാണെന്ന് അറിയിക്കുമോ; അവയുടെ നിലവിലെ സ്ഥിതി വിശദമാക്കുമോ; അവ എന്നത്തേയ്ക്ക് കമ്മീഷൻ ചെയ്യുന്നതിന് സാധിക്കുമെന്ന് വ്യക്തമാക്കുമോ?

പ്രസ്തുത കാലയളവിൽ ആരംഭിച്ച് ഉദ്ഘാടനം ചെയ്ത പദ്ധതികൾ ഒന്നുംതന്നെ ഇല്ല. ഈ കാലയളവിൽ തുടക്കംകുറിച്ച് പണി പുരോഗമിച്ചുവരുന്ന ജലവൈദ്യുത പദ്ധതികൾ ചുവടെ ചേർത്തിരിക്കുന്നു.

ക്രമ നമ്പർ	പദ്ധതി	നിലവിലെ സ്ഥിതി	കമ്മീഷൻ ചെയ്യാൻ ഉദ്ദേശിക്കുന്ന തീയതി
1	അപ്പർ കല്ലാർ (2 MW)	പണി പുരോഗമിക്കുന്നു	30-6-2021
2	പഴശ്ശി സാഗർ (7.5 MW)	പണി പുരോഗമിക്കുന്നു	10-2-2023
3	ചിന്നാർ (24 MW)	പണി പുരോഗമിക്കുന്നു	5-4-2022
4	പെരുവണ്ണാമൂഴി (6 MW)	പണി പുരോഗമിക്കുന്നു	10-8-2022

പട്ടാമ്പി മണ്ഡലത്തിലെ പദ്ധതികൾ

175(445) ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻസർക്കാർ പട്ടാമ്പി മണ്ഡലത്തിൽ നടപ്പിലാക്കിയ പ്രധാനപ്പെട്ട പദ്ധതികളുടെ വിശദാംശങ്ങൾ അറിയിക്കാമോ?

മുൻസർക്കാർ പട്ടാമ്പി മണ്ഡലത്തിൽ വിതരണ വിഭാഗത്തിൽ, സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതി, ഗ്രാമപ്രദേശങ്ങളിലെ വൈദ്യുതീകരണ പ്രവർത്തനങ്ങൾക്കായി നടപ്പിലാക്കിയ DDUGJY പദ്ധതി, തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ സഹായത്തോടുകൂടി നടത്തുന്ന PPS പദ്ധതി, ആഗോള നിലവാരത്തിലുള്ളതും തടസ്സരഹിതമായതും ഗുണമേന്മയേറിയതും അപകട രഹിതവുമായ വൈദ്യുതി ഉപഭോക്താക്കൾക്ക് ലഭ്യമാക്കുന്നതിനായി വിതരണ മേഖലയിൽ കെ.എസ്.ഇ.ബി.എൽ.-ന്റെ തനത് ഫണ്ട് ഉപയോഗിച്ച് നടത്തുന്ന 'ദ്യുതി' പദ്ധതി എന്നിവ നടപ്പിലാക്കിയിട്ടുണ്ട്. ടി പദ്ധതികളിൽ ഉൾപ്പെടുത്തി 74.43 കി. മീ എച്ച്.ടി ലൈനും, 135.84 കി.മീ എൽ.ടി ലൈനും നിർമ്മിക്കുകയും 104 പുതിയ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുകയും 17017 പുതിയ കണക്ഷനുകൾ നൽകുകയും ചെയ്തിട്ടുണ്ട്. സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതിയിൽ ഉൾപ്പെട്ട പ്രവൃത്തികൾക്കായി 83.4 ലക്ഷം രൂപ ചെലവഴിക്കുകയും ഇതിൽ 25 ലക്ഷം രൂപ MLA-യുടെ ആസ്തി വികസന ഫണ്ടിൽനിന്നും ലഭ്യമാക്കുകയും 645 കണക്ഷനുകൾ നൽകുകയും ചെയ്തിട്ടുണ്ട്. (പട്ടാമ്പി മണ്ഡലത്തിലെ പദ്ധതികൾ ചുവടെ ചേർക്കുന്നു):

LIBRARY ARCHIVES Kerala Legislative Assembly